November 18, 2025

02. LocalNews

Search

മാതൃഭൂമി E-PAPER

റോഡുപണി കഴിഞ്ഞിട്ടും വീട്ടിലേക്ക് പടികൾ നിർമിച്ചില്ലെന്ന് പരാതി

പത്തനംതിട്ട▸ പൊതു റോഡ് നിർമാണത്തിന് സ്ഥലം വിട്ടുനൽകിയിട്ടും വീട്ടിലേക്ക് കയറാൻ പടികൾ നിർമിച്ചു നൽകാൻ തയ്യാറായില്ലെന്ന് പരാതി. പത്തനംതിട്ട നഗരസഭയിൽ തേങ്ങാപ്പാറ-ചുമുട്ടിക്കോട് റോഡ് നിർമാണത്തിനു വേണ്ടി ഒന്നര സെൻറ് സ്ഥലം വിട്ടുകൊടുത്തിട്ടും വീട്ടിലേക്ക് കയറാൻ കഴിയാത്ത സ്ഥിതിയാണെന്ന് തേങ്ങാപ്പാറ പള്ളി മുരുമ്പേൽ ദീനമ്മ പത്രസമ്മേളനത്തിൽ പറഞ്ഞു.

റോഡ് ഉദ്ഘാടനം കഴിഞ്ഞതിലും തന്റെ വീട്ടിലേക്ക് കയറാൻ കഴിയാത്ത അവസ്ഥയാണ്. സമീപത്തെ മറ്റുമാ മസക്കാർക്ക് വീട്ടിലേക്ക് കയറാൻ പടികൾ നിർമിച്ചുകൊടുത്തിട്ടുണ്ട്. തന്റെ വീട്ടിലേക്ക് മറുവഴി ഭാഗത്ത് റോഡിനു സ്വകഷണമിത്തി കെട്ടിയതിനാൽ ഇപ്പോൾ പ്രവേശിക്കാൻ കഴിയുന്നില്ലെന്നും അവർ പറഞ്ഞു. വീട്ടിലേക്കു കയറാൻ പടികൾ നിർമിച്ചുനൽകുമെന്ന് വന്നു വിട്ടുനൽകുമ്പോൾ ഉറപ്പ് ലഭിച്ചിരുന്നു.

നെന്മ. വാർഡ് കൗൺസിലറോട് ഒട്ടേറെ തവണ പരാതി പറഞ്ഞിട്ടും നടപടിയുണ്ടായില്ല. നിർമാണത്തിനു നേതൃത്വംനൽകിയ സമിതി വാർഡ് കൗൺസിലറെയും പലതവണ സമീപിച്ചു. കളക്ടർ, നഗരസഭ സെക്രട്ടറി എന്നിവർക്കും പരാതി നൽകിയെന്നും പറഞ്ഞു.

▶ കല്ലേലി ഊരാളി അപ്പൂപ്പൻകാവിൽ നടന്ന പടനി

▶ എസ്എൻയിപി യോഗം പത്തനംതിട്ട യൂണിയൻ നിർമിക്കുന്ന വീടിന്റെ ശിലാസ്ഥാപനം കുമ്പഴ വടക്ക് പ്രസിഡന്റ് കെ. പദ്മകുമാർ നിർവഹിക്കുന്നു

▶ പത്തനംതിട്ട ഉപജില്ലാ കലോത്സവത്തിൽ എൽപി വിഭാഗം ഖവാലി മത്സരിച്ച നന്നുവക്കാട് എംഎസ്എൽപി എൽപി സ്കൂൾ

▶ പത്തനംതിട്ട ഉപജില്ലാ ശാസ്ത്രമേളയിലും ഉപജില്ലാ കലോത്സവത്തിലും എൽപി വിഭാഗം ഖവാലി ചമ്പയുമായ മഞ്ഞിനിക്കര സെ. എൽപിജി സ്കൂൾ. തുടർച്ചയായി മൂന്നാംവർഷമാണ് ഖവാലി ചമ്പയുമാകുന്നത്

മാടമണ്ണിൽ കാർ മതിലിലിടിച്ച് നാലുപേർക്ക് പരിക്ക്

റാന്നി▸ മാടമണ്ണിൽ നിർമാണം കർ സഞ്ചരിച്ചിരുന്ന കാർ മതിലിലിടിച്ച് പത്തനംപുരം സുദേശികളായ നാലുപേർക്ക് പരിക്കേറ്റു. ഇവരെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ എത്തിച്ചു. ആരുടെയും പരിക്ക് ഗുരുതരമല്ല. മുമ്പും ഇതേ സ്ഥലത്ത് അപകടങ്ങളുണ്ടായിട്ടുണ്ട്. മണ്ണാറക്കുളഞ്ഞി-പമ്പ പാതയിൽ തിങ്കളാഴ്ച പുലർച്ചെ മൂന്നരയോടെ മാടമൺ വള്ള കടവിലായിരുന്നു അപകടം. ശബരിമല ദർശനം കഴിഞ്ഞ് മടങ്ങുംവഴിയാണ് കാർ വിടിന്റെ മതിലിൽ ഇടിച്ചത്. പത്തനാപുരം പുതുവൽ സുനുഭവനിൽ ശശിധരൻ, ഭാര്യ ഉഷ, മകളായ സിനു, സുജു എന്നിവരാണ് കാറിലുണ്ടായിരുന്നത്. സമീപവാസിയായ റിട്ടഡ് പൂട്ടി കളർട് ബാലകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ നാട്ടുകാർ പരക്കോറ്റവരെ ആശുപത്രിയിലേക്ക് അയച്ചു. വടശ്ശേരിക്കര, പെരുനാട് സ്റ്റേഷനുകളിൽനിന്ന് പോലീസും സ്ഥലത്തെത്തി. ക്രെയിൻ ഉറപ്പിച്ച താണ് അപകട കാരണമെന്ന് കരുതുന്നു.

പ്രണയംനടിച്ച് പെൺകുട്ടിയെ പീഡിപ്പിച്ച യുവാവ് അറസ്റ്റിൽ

മല്ലപ്പള്ളി▸ പതിനേഴുകാരിയെ ലൈംഗികപീഡനത്തിനിരയാക്കിയ കേസിൽ മല്ലപ്പള്ളി മരുക്കോലി കൊട്ടപ്പുറവിൽ കെ.എം. മനുവിനെ (28) പെരുമ്പെട്ടി പോലീസ് അറസ്റ്റ് ചെയ്തു. പ്രണയംനടിച്ച് ആരും ഇല്ലാത്ത സമയത്ത് പെൺകുട്ടിയുടെ വീട്ടിലെത്തി ഒന്നിലധികം തവണ പീഡിപ്പിച്ചതായാണ് പരാതി. ഒളിവിൽപ്പോയ ഇയാളെ പെരുമ്പെട്ടി ഇൻസ്പെക്ടർ ബി.സജിൻകുമാർ, സിവിൽപോലീസ് ഓഫീസർമാരായ അലക്സ്, അഭിജിത്ത് എന്നിവർ അടങ്ങുന്ന സംഘം എരുമേലിയിൽനിന്നു പിടികൂടുകയായിരുന്നു.

സിനിമ

പത്തനംതിട്ട-ധന്യ DTS Ph: 2327111
- കാന്ത (ത)
10.45am, 2.00pm, 5.45pm, 9.00pm

രഞ്ജ
- Spider man-1 (Eng) 11.00am, 2.00pm
- ഒരു വയനാടൻ കഥ (മല)
6.00pm. 9.00pm

ശ്രീനിധി മുമ്പി മാക്സ്
Tickets can be booked through book My show or few tickets available in ticket counter 45 minutes before showtime

Screen 1 : ■ Dies Irae (M)
11.15am, 2.15pm, 6.15pm, 9.00pm

Screen 2 : ■ അതിർകര മാമ്പഴങ്ങൾ (മല)
11.00pm, 2.15pm, 9.15pm
■ ഇന്നസെന്റ് (മല) 6.15 am

Screen 3 : ■ അമ്മാണി അമ്മക്കിസുന്ദരി (മല)
11.00am, 2.15pm, 6.00pm, 9.15pm

Screen 4 AISWARYA :
■ നിധിയും രൂത്തവും (മല)
11.15am, 2.15 pm, 6.15pm, 9.00 pm

റാന്നി ഉപാസന Ph: 0473 5228331
Book Online at : https://in.bookmyshow.com
Advance Booking No. 04735-228331
- Dies Irae (M)
11.00am, 2.30pm, 6.30pm, 9.30pm

ശ്രീലക്ഷ്മി
- Dies Irae (M)
11.00am, 2.30pm, 6.30pm, 9.30pm

S. സിനിമാസ്-കോന്നി
- Pet Detective
11.00am, 2.30pm, 6.15pm, 9.30pm

കപ്ര ആൾഡർവാഡ് സിനിപ്ലക്സ്
www.asivadcinemas.in

Audi I: ■ Dies Irae
11.30am, 2.00pm, 6.30pm, 9.00pm

Audi II: ■ അതിർകര കാമ്പുകൾ (മല)
11.15am, 6.00pm, 9.00pm
- ഇന്നസെന്റ് (മല) 2.15pm

Audi III: ■ കാന്ത (ത)
11.00am, 5.30pm, 9.00pm
- Predator Badlands (3D-E) 2.30pm

പെങ്ങമ്പൂർ സി-സിനിമാസ്
- ബൾട്ടി (മല)
10.30am, 1.00pm, 3.30, 9.21 pm
- കരം - 10.30am, 3.30, 6.30 pm
- ലോക -12.30pm, 6.30pm, 9.30pm
- Mirage - 3.30pm
- വണ്ടല കൂബ്ല - 9.00pm
- OG - 1.00pm
- Kiss me idiot - 3.30pm
- മൂന്നാം നൈനമം - 6.30pm

നൂല ജക്കബ് സിനിമാസ്, തിരുവല്ല
Ph:9497170465
- ഇന്നസെന്റ് (മല)
11.00 am, 2.30pm, 6.30pm, 9.30pm

'ബ്ലോക്ക്' മാറാതെ ഇലന്തൂർ ബ്ലോക്ക് സ്ഥാനാർഥി പ്രഖ്യാപനം ഇഴയുന്നു

ഇലന്തൂർ▸ ഓമല്ലൂർ പഞ്ചായത്തിലെ ഓമല്ലൂർ, പുത്തൻപീടിക, ഇലന്തൂർ പഞ്ചായത്തിലെ പരിയാരം, ഇലന്തൂർ, ചെന്നീർക്കര പഞ്ചായത്തിലെ പ്രക്കാനം, പുതിയതായി വന്ന മുട്ടത്തുകോണം, ചെന്നീർക്കര, ചെറുകോൽ പഞ്ചായത്തിലെ ചെറുകോൽ, കീക്കൊഴൂർ, കോഴഞ്ചേരി പഞ്ചായത്തിലെ കോഴഞ്ചേരി, മല്ലപ്പുഴശ്ശേരി പഞ്ചായത്തിലെ മല്ലപ്പുഴശ്ശേരി, കുഴിക്കാല, നാരങ്ങാനം പഞ്ചായത്തിലെ കടമ്പനിട്ട, നാരങ്ങാനം എന്നിവ ഉൾപ്പെടുന്നതാണ് ഇലന്തൂർ ബ്ലോക്ക്.

നിലവിൽ ബ്ലോക്ക് ഭരിക്കുന്നത് ഇടതുമുന്നണിയാണ്. ചെറുകോലും കടമ്പനിട്ടയും കേരളകോൺഗ്രസ് മാണി വിഭാഗത്തിൽനിന്നുള്ള അംഗങ്ങളാണ് നിലവിലുള്ളത്. എൻസിപിയിൽനിന്നുള്ള കെ.ആർ. അനീഷയാണ് നാരങ്ങാനത്ത് നിന്നുള്ള അംഗം. മല്ലിട്ടു നിക്കുപോകുകയെ ഉണ്ടായാൽ ഇടതുമുന്നണിക്കുള്ളിൽ സ്ഥാനാർഥികളെ പ്രഖ്യാപനവും ഉടനുണ്ടാകും.

യുഡിഎഫിൽ കോൺഗ്രസിനാണ് ആറ് സീറ്റുകൾ കൂടുതൽ. കിഴക്കൊഴൂർ,കടമ്പനിട്ട, നാരങ്ങാനം എന്നിവിടങ്ങളിലെ സ്ഥാനാർഥിത്വമെന്നാണ് ഇന്നിതുവരെ പ്രഖ്യാപിക്കാനുള്ളത്. ചെറുമുഖയോടെ മുഴുവൻ പട്ടികയും പുറത്തുവിടുമെന്ന് ജില്ലാ നേതൃത്വം വ്യക്തമാക്കി. പുത്തൻപീടികയിൽ ജോൺസൺ വിളവിനാൽ, ഓമല്ലൂരിൽ സജി വർഗീസ്, പ്രക്കാനത്ത് അജി അലക്സ്, ചെന്നീർക്കരയിൽ കലാഅജിത്, മുട്ടത്തുകോണത്ത് സോജാ റാണി, ഇലന്തൂർ ഗീതമ്മ, പരിയാരം എസ്. സനൽ, കുഴിക്കാല കവിതമോഹൻ, മല്ലപ്പുഴശ്ശേരി ശിതസജിദാസ്സൂർ, ചെറുകോൽ അശോക് ഗോപിനാഥ്, കോഴഞ്ചേരി ഷിജു ചിറ്റയം എന്നിവരാണ് യു ഡിഎഫ് സ്ഥാനാർഥികൾ.

കോഴഞ്ചേരിയിൽ എം.എസ്. പുഷ്പാജൻ. ചെറുകോലിൽ കെ. അജികുമാർ, കടമ്പനിട്ടയിൽ ഇന്ദു രാജേന്ദ്രൻ, നാരങ്ങാനത്ത് എം.എസ്. അനിൽ, പ്രക്കാനത്ത് പ്രവീൺ ജ്ഞാനദാസ്, പുത്തൻപീടികയിൽ രാജേഷ് കുഴിക്കാട്ടിൽ, ഓമല്ലൂരിൽ സുരേഷ് ഓലിത്വാണിയിൽ, ചെന്നീർക്കരയിൽ എസ്. ശാരി, മല്ലപ്പുഴശ്ശേരിയിൽ ലേല വിനോദ് എന്നിവരാണ് പ്രഖ്യാപിച്ചെട്ടെ എൻഡിഎ സ്ഥാനാർഥികൾ. പരിയാരം, ഇലന്തൂർ, കീക്കൊഴൂർ, കുഴിക്കാല, മുട്ടത്തുകോണം എന്നിവയാണ് തിരുമാനമാകാനുള്ളത്. രണ്ട് ദിവസത്തിനകം സ്ഥാനാർഥിപ്പട്ടിക പുറത്തുവരുമെന്ന് നേതൃത്വം പറഞ്ഞു.

അനി സാബു തോമസിനെ പരിഗണിച്ചില്ല

കോന്നി▸ തിരഞ്ഞെടുപ്പിൽ കോന്നി പഞ്ചായത്ത് പ്രസിഡന്റ് അനി സാബു തോമസിന് കോൺഗ്രസ് സീറ്റ് നിഷേധിച്ചു. വകയാർ വാർഡിൽ നിന്നുള്ള പഞ്ചായത്തംഗം ആണ് ഇവർ. മൂന്ന് തവണയായി കോന്നി പഞ്ചായത്തിൽ അംഗമാണ്. രണ്ടരവർഷം, മുമ്പാണ് പ്രസിഡന്റാകുന്നത്. വകയാറ് വാർഡ് ജനറൽ ആയതോടെ കോൺഗ്രസിലെ മറ്റൊരാളെ സ്ഥാനാർഥിയാക്കി.

സ്ഥാനാർഥിയെ നിശ്ചയിക്കാൻകൂടിയ യോഗത്തിൽ കോന്നി ബ്ലോക്ക് പഞ്ചായത്ത് വകയാർ ഡിവിഷനിൽ അനി സാബു തോമസ് മത്സരിക്കണമെന്ന ആവശ്യം ഉയർന്നിരുന്നു. വന്നിരാ സംവരണമാണ് വകയാർ ഡിവിഷൻ അനി സാബു തോമസിന് നൽകുമെന്ന് കോൺഗ്രസ് മണ്ഡലം ഭാരവാഹികൾ ഉറപ്പു നൽകിയിരുന്നു. എന്നാൽ, കോൺഗ്രസിലെ സീറ്റുവിഭജനം പൂർത്തിയായപ്പോൾ കോന്നി പഞ്ചായത്തിലും ബ്ലോക്കിലും അനി സാബു തോമസിനെ പരിഗണിച്ചില്ല.

കോന്നി 18-ാം വാർഡിൽ മത്സരിക്കാൻ താത്പര്യം കാട്ടിയ സാദാ റഹീമിനെ വകയാർ ബ്ലോക്ക് ഡിവിഷനിൽ സ്ഥാനാർഥിയാക്കി. സീറ്റ് ലഭിക്കാത്തതിൽ പരിഭവം ഇല്ലെന്ന് അനി സാബു തോമസ് പറഞ്ഞു. കുടുംബാത്രി പ്രവർത്തകയായിട്ടാണ് പൊതുരംഗത്തു വന്നതെന്നും പറഞ്ഞു.

ബ്ലോക്ക് പഞ്ചായത്ത് യുഡിഎഫ് സ്ഥാനാർഥികൾ

▸കോന്നി ബ്ലോക്ക് പഞ്ചായത്തിൽ മത്സരിക്കുന്ന യുഡിഎഫ് സ്ഥാനാർഥികളെ നിശ്ചയിച്ചു. കോന്നി-രാജീവ് ദിനേശ് (ആർഎസ്പി), വൈലപ്ര-എസ്.സുനിൽകുമാർ, മലയാലപ്പുഴ-എസ്.ശ്യാം, കോന്നിതാഴം-ആർ.ദേവകുമാർ, തണ്ണിത്തോട് - കെ.വി.ശാമുവേൽ, അരുവാപ്പുലം-സുജാത മോഹൻ, മെഡിക്കൽ കോളേജ്- സുലേഖ വിനോയർ, ഇളകൊള്ളൂർ-റോബിൻ പീറ്റർ, വള്ളിക്കോട് കോട്ടയം-പ്രസീത രഘു, കൈപ്പട്ടൂർ-റോസമ്മ ബാബുജി, പ്രമോദ്-റോബിൻ മോൻസി, വള്ളിക്കോട്-സുഭാഷ് നടുവിലെരി, അതുമ്പുംകുളം-പ്രിയ എസ്.തമ്പി, വകയാർ-സന്ദേഹി.

കൊഴിഞ്ഞുപോക്കും വിമതരുടെ എണ്ണവും കൂടുന്നു

പന്തളം▸ സ്ഥാനാർഥിനിർണയം മുറുകുമ്പോഴേ മൂന്ന് മുന്നണികളിൽ നിന്നും കളം മാറ്റി ചവിട്ടുന്നവരുടെ എണ്ണവും ഏറിവരുന്നു. തിങ്കളാഴ്ച യുഡിഎഫിലെ മുൻ പഞ്ചായത്തംഗം എ കെ. ഗോപാലൻ ബിജെപിയിൽ ചേർന്നു. തുമ്പമണിൽ യുഡിഎഫിലെ പഞ്ചായത്ത് വൈസ് പ്രസിഡന്റ് തോമസ് വർഗീസ് വൈസ് പ്രസിഡൻറ് സ്ഥാനം രാജിവെച്ചു. സ്വതന്ത്രനായി മത്സരംപരിഗണിക്കത്തതാണ് തിരുമാനമെന്നായിരുന്നു. കുമ്പഴയിലും പിരപ്പന്മാർ മത്സരംഗത്തുണ്ട്.

കോന്നി ബ്ലോക്കിലേക്ക് ആദ്യപത്രിക

കോന്നി▸ ബ്ലോക്ക് പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ആദ്യ നാമനിർദേശപത്രിക സമർപ്പിച്ചു. കോന്നിതാഴം ഡിവിഷൻിൽനിന്ന് ബിജെപി സ്ഥാനാർഥിയായി മത്സരിക്കുന്ന വി.വി. സന്തോഷ് കുമാർ തിങ്കളാഴ്ച ഉപവരണാധികാരിയായ കോന്നി ബിഡിഒ മുൻപാകെ പത്രിക നൽകി.

ഓമല്ലൂരിൽ സ്ഥാനാർഥി നിർണയം അന്തിമഘട്ടത്തിൽ

എൻഡിഎ സ്ഥാനാർഥികളായി

ഓമല്ലൂർ▸ ഗ്രാമപ്പഞ്ചായത്തിൽ എൽഡിഎഫ്, യുഡിഎഫ് പട്ടിക അന്തിമഘട്ടത്തിൽ. ഇരുമുന്നണികളുടെയും സ്ഥാനാർഥികളെ നിശ്ചയിച്ച വാർഡുകളിൽ പ്രചാരണം തുടങ്ങിയിട്ടുണ്ട്. 5 വാർഡുള്ള പഞ്ചായത്തിൽ നിലവിലെ ഭരണകക്ഷിയായ യുഡിഎഫിൽ സ്ഥാനാർഥി നിർണയം പൂർത്തിയായിവരുകയാണ്. എൻഡിഎഫ് പട്ടികയും അന്തിമഘട്ടത്തിലെത്തിയിട്ടുണ്ട്. എൻഡിഎയുടെ പട്ടിക രണ്ട് ദിവസം മുൻപ് പുറത്തിയാവി.

15 വാർഡുകളിലും ബിജെപി മത്സരിക്കും. ജില്ലാ കാര്യാലയത്തിയിൽ കൂടിയ യോഗത്തിൽ സംസ്ഥാന സമിതി അംഗം രാധാകൃഷ്ണമേനോൻ സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. വാർഡ് ഒന്ന് ചിക്കനാൽ-കെ. ഗോപാലകൃഷ്ണൻ, രണ്ട് ഐമൊലി ഈസ്റ്റ്- ആർ. അഭിലാഷ് (ഹാപ്പി), മൂന്ന് ഐമൊലി-രണ്ടാമി അങ്കൽ, നാല് പാമ്പാടി- ശോഭിനി, അഞ്ച് മല്ലാനമല്ല-അജു പി.ജോർജ്, ആറ് പുത്തൻപീടിക-ഗിരിജ സുനിൽ, ഏഴ് പൈവള്ളി-വി.ആതിര, എട്ട് വാഴമുട്ടം നോർത്ത്-വത്സമ്മ സാമുവൽ, ഒൻപത് വാഴമുട്ടം-സിനുമ്പ പ്രദീപ്, 10 മുള്ളനാടിക്കൽ-പി.ടി. അജയൻ, 11 പന്നുമലി-ബി. അനിൽ കുമാർ, 12 ആറുരിക്കം-സി.കെ. രവിന്ദ്രനായർ, 13 ഭാരൻ വാർഡ്-പ്രജിൽ പിന്നയർ, 14 മഞ്ഞിനിക്കര-കാർത്തിക ചന്ദ്രൻ, 15 ഭാരൻ നോർത്ത്-ശരണു ഗ്രാമി എന്നിവർ മത്സരിക്കും. ഇലന്തൂർ ബ്ലോക്ക് ഡിവിഷനിലെക്ക് സുമേഷ് ഖിന്നത്തുമണി (ഓമല്ലൂർ), രാജേഷ് കുഴിക്കാട്ട് (പുത്തൻ പീടിക) എന്നിവർ എൻഡിഎ സ്ഥാനാർഥികളാണ്.

റാന്നി ബ്ലോക്ക് പഞ്ചായത്ത് യുഡിഎഫ് സ്ഥാനാർഥികളായി

റാന്നി▸ ബ്ലോക്ക് പഞ്ചായത്തിൽ യുഡിഎഫ് സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. പഴവങ്ങാടി, മാമ്പാറ ഡിവിഷനുകളിലെ സ്ഥാനാർഥേകളെയാണ് തിരുമാനിക്കാനുണ്ടായിരുന്നത്. പഴവങ്ങാടിയിൽ പഴവങ്ങാടി പഞ്ചായത്ത് വൈസ് പ്രസിഡന്റായ ജോൺ ഏബ്രഹാമും മാമ്പാറയിൽ ജെസി സജനുമാണ് സ്ഥാനാർഥികൾ. അങ്ങാടി-മേഴസി പാണിയത്ത്, മഞ്ചപ്പുഴ-സജനാജ് മേമന, വെച്ചൂച്ചിറ- മേഴ്സി ഷിലിപ്പ്, സീതത്തോട്-ജോയൽ മാത്യു, കൊല്ലമുള-നിഷാ അലക്സ്, വടശ്ശേരിക്കര-റിറ്റി മോഹ സജി, വലിയകുളം-ആനി ജേക്കബ്, നാറാണംമൂഴി-സോണിയാ മനോജ്, ആങ്ങമൂഴി-അശ്വതി, പെരുനാട്-ബിനു വാസുദേവൻ, വാസി-ഷൗമി നെല്ലുമുട്ടി, ചിറ്റാർ-എ. ബഷീർ എന്നിവരാണ് മറ്റ് ഡിവിഷനുകളിലെ സ്ഥാനാർഥികൾ. ജില്ലാപഞ്ചായത്ത് റാന്നി ഡിവിഷനിൽ കേരള കോൺഗ്രസിലെ ജൂലി ആനി സാബുവാണ് യുഡിഎഫ് സ്ഥാനാർഥി. അങ്ങാടി ഡിവിഷൻ സ്ഥാനാർഥിയെ ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. പലരുടെ പേരുകൾ വന്നിട്ടുള്ളതിനാൽ തിരുമാനം വൈകുകയാണ്.

21-ാം പിറന്നാളിൽ സ്ഥാനാർഥി; തിളക്കിച്ച് ദിവപ്രിയ

ഇറവിപേരൂർ▸ പിറന്നാൾദിനത്തിൽ അപ്രതീക്ഷിതമായി എൻഡിഎഫിന്റെ സ്ഥാനാർഥിത്വം ലഭിച്ച ത്രില്ലിലാണ് വള്ളംകുളം നന്നൂർ കണ്ണാട്ടുചുമലയിൽ വി ജയസദനത്തിൽ ദിവപ്രിയ. കോയിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സ്ഥാനാർഥിയായി ദിവപ്രിയയെ പ്രഖ്യാപിച്ചത് തായറായ്യാണ്. ബിടെക് വിദ്യാർഥിയായ ദിവ്യയ് 21 വയസ്സ് തികഞ്ഞതും ഇതേ ദിനത്തിലാണ്. നന്നൂർ ഡിവിഷനിലാണ് മത്സരിക്കുക.

പാത്താമുട്ടം സെയിന്റ് ഗിറ്റസ് കോളേജ് ഓഫ് എഡിക്കേഷനിൽ ഏഴാം സെമസ്റ്റർ വിദ്യാർഥിയാണ്. യൂണിവേഴ്സിറ്റി പരീക്ഷ നടക്കുന്ന സമയംകൂടിയാണ്. ഇതിനിടെ പത്രിക സമർപ്പിച്ച് വീട്ടുകാരെ കയറാൻ സമയം കണ്ടെത്തേണ്ടതുണ്ടെന്നും സ്ഥാനാർഥിത്വം ലഭിച്ച ഉടനെ അധ്യാപകരുടെ അനുഗ്രഹം തേടിയതായും ദിവപ്രിയ പറഞ്ഞു.

തിരുമൂലവിലാസം ബാലികാമഠം സ്കൂളിൽ ലീഡറായിട്ടുണ്ട്. റിട്ട.അധ്യാപകനായ അനിൽകുമാറിന്റെയും ബിന്ദുവിന്റെയും മകളാണ്. അനിൽകുമാർ കൈപ്പനീട്ടിയ മുൻ ജില്ലാ ഭാരവാഹിയായിരുന്നു.

ജില്ലാപഞ്ചായത്തിലേക്ക് അങ്കംകുറിച്ച് ഗുരുവും ശിഷ്യനും

മല്ലപ്പള്ളി▸ ജില്ലാപഞ്ചായത്ത് തിരഞ്ഞെടുപ്പിൽ പരസ്യം ഏറ്റുമുട്ടൽ ഗുരുവും-ശിഷ്യനും. മല്ലപ്പള്ളി ഡിവിഷനിലാണ് വി ദ്യാലയമുറ്റത്തെ വിദ്യയഭ്യസ മാറ്റിച്ച് ഇരുവരും അങ്കം കുറിച്ചിരിക്കുന്നത്. തൃരുത്തിക്കാട് ബിഎഡും, കോട്ടയം മുൻ പ്രിൻസിപ്പലും സിസിസി അംഗവുമായ ഡോ. ബിജു ടി. ജോർജും മുൻ ജില്ലാ പഞ്ചായത്ത് അംഗവും നിലവിൽ ജില്ലാ ആസൂത്രണസമിതി അംഗവും സിപിഎം മോണിറ്ററിങ് സമിതിയുടെ ആദ്യയോഗം പരിഗണിച്ചു. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ അന്നുമുതൽ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു. പെരുമാറ്റച്ചട്ടം കഴിഞ്ഞതിനുശേഷം പരിഗണിക്കും. കളർട് എസ്. പ്രേംകുമാർ അധ്യക്ഷതവഹിച്ചു.

മല്ലപ്പള്ളി ഏരിയ കമ്മിറ്റി അംഗവുമായ എസ്.വി.സുബിനുമാണ് കളത്തിൽ. ബിഎഎം, കോളേജിൽ അധ്യാപകനാകുകുന്നു മല്ലപ്പള്ളിയിലെ സമാനതകൾ വിദ്യാഭ്യാസസ്ഥാപനത്തിൽ ബിജു പഠിച്ചിട്ടുണ്ടു. 1991-93 കാലത്ത് സുബിൻ അവിടെ പ്രീഡിഗ്രി ക്ലാസിൽ പഠിച്ചിരുന്നു. ഒരാൾക്കുമാത്രമേ മല്ലപ്പള്ളിയെ ജില്ലാപഞ്ചായത്തിൽ പ്രതിനിധികരിക്കാൻ അവസരം ലഭിക്കൂ.

ആറന്മുള: തുക വിതരണം ചെയ്യാൻ അനുമതിയില്ല

പത്തനംതിട്ട▸ ആറന്മുള ഗ്രാമപ്പഞ്ചായത്ത് കുടുംബശ്രീ യുമായി ബന്ധപ്പെട്ട് സംസ്ഥാന പട്ടികജാതി പട്ടികവർഗ കോർപ്പറേഷൻ മുഖേന 2.51 കോടി രൂപ 251 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള അനുമതിക്കുള്ള അപേക്ഷ ജില്ലാ കളക്ടറിന് സമിതിയുടെ ആദ്യയോഗം പരിഗണിച്ചു. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു. പെരുമാറ്റച്ചട്ടം കഴിഞ്ഞതിനുശേഷം പരിഗണിക്കും. കളർട് എസ്. പ്രേംകുമാർ അധ്യക്ഷതവഹിച്ചു.

വിത്രച നെല്ല് മൂന്നാം തവണയും വെള്ളം കൊണ്ടുപോയി

കൊടുമൺ▸ ശക്തമായ മഴയിൽ കൊടുമൺ വലിയതോട് കരകവിഞ്ഞു. മടവീഴ്ച ഉണ്ടായതുകൊണ്ട് വെള്ളം കയറി ഇട്ടത്തിട്ട മുണ്ടുകോണം മണ്ണിപ്പുഴ എല്ലാവിൽ കൃഷി നശിച്ചു.

വിത്ത നെല്ലാണ് വെള്ളത്തിലായത്. മൂന്നാംവട്ട കൃഷി ചെയ്ത നെല്ലാണ് വെള്ളംകയറി ഒഴുകിപ്പോയി. ഇതിനുമുമ്പ് ഒരുതവണ കൃഷി ചെയ്ത നെല്ലാണ് വെള്ളംകയറി ഒഴുകിപ്പോയത്

18, 2025

© 2025 All Rights Reserved. Powered by *Summit (http://www.summitindia.com)*